**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് - രണ്ട് ഇരട്ട വീട്ടുകളും രണ്ട് ഒറ്റ വീട്ടുകളും പുനർനിർമിക്കുന്നതിനുള്ള പദ്ധതി - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ) നം.2421/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി,14/09/2018**

---

വായന:- 1. പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 06/12/2017 ലെ1(5)ാംനം. തീരുമാനം.

2. പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09/01/2018 ലെ കത്ത്

3. 06/02/2018 ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റിയുടെ 4.23 നമ്പർ തീരുമാനം.

**ഉത്തരവ്**

ഭവന നിർമ്മാണബോർഡിൽ നിന്നും ലഭിച്ച 4,50,000/-രൂപയും 7,50,000/- രൂപാ തനത് ഫണ്ടും ഉപയോഗിച്ച് ലക്ഷം വീട് പദ്ധതിയിലെ രണ്ട് ഇരട്ട വീട്ടുകളും രണ്ട് ഒറ്റ വീട്ടുകളും പുനർനിർമാണം നടത്താൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് ആസൂത്രണ സമിതി അംഗീകരിച്ചിട്ടുണ്ടെന്നും ലൈഫ് പദ്ധതി ഉള്ളതിനാൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്നും വായന (1 ) കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുൽപ്പറ്റ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വായന (2) പ്രകാരം അഭ്യർഥിച്ചിരുന്നു.

2. സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ച ടി കമ്മിറ്റിയുടെ വായന (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭിച്ച 4,50,000/-രൂപയും 7,50,000/- രൂപാ തനത് ഫണ്ടും ഉപയോഗിച്ച് ലക്ഷം വീട് പദ്ധതിയിലെ രണ്ട് ഇരട്ട വീട്ടുകളും രണ്ട് ഒറ്റ വീട്ടുകളും പുനർനിർമാണം നടത്താനുള്ള പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ പ്രോജക്റ്റിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി/പ്രസിഡന്റ്, പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ